# 59. യക്ഷിക്കഥകൾ

യൂറോപ്യൻ യക്ഷിക്കഥാസംഘടനയ്ക്ക് ഇരുപത്തഞ്ചു വയസ്സായി. പടിഞ്ഞാറൻ ജർമനിയിലെ സാഹിത്യസംഘടനകളിൽ അംഗസംഖ്യകൊണ്ട് നാലാമത്തേതാണ് ഈ സംഘടന. അഞ്ഞൂറിലേറെ അംഗങ്ങളുള്ള ഈ സംഘടനയുടെ ഈയിടെ ചേർന്ന രജതജൂബിലി സമ്മേളനത്തിൽ ഇരുന്നൂറിലധികം കഥാപ്രേമികൾ സന്നിഹിതരായിരുന്നു. കഥ പറയേണ്ടതെങ്ങനെ എന്നതായിരുന്നു, 'കാൾസ്ഹാഫൻ' എന്ന സ്ഥലത്തു നടന്ന ഈ സമ്മേളനത്തിലെ ചർച്ചാവിഷയം. കഥ പറയുന്നത് എങ്ങനെയായാലെന്താണ്? ശരിതന്നെ, എങ്ങനെയും പറയാം. രീതി എന്തായാലും രസമുണ്ടായിരുന്നാൽ മതി. യക്ഷിക്കഥകൾക്ക് എത്രമാത്രം വൈവിദ്ധ്യമുണ്ടോ, അത്രമാത്രം വൈവിദ്ധ്യം അവ പറയുന്ന രീതിക്കുമുണ്ട്. പഴയ സമ്പ്രദായത്തിൽ, ആദ്യംമുതൽ അവസാനംവരെ, സംഭവങ്ങൾ അടുക്കടുക്കായി വിവരിച്ചുപോവാം. കഥ പറയുന്നതിനിടയ്ക്ക് അതാതിടത്തു നിറുത്തി, പ്രധാന സന്ദർഭങ്ങൾ കൺമുമ്പിൽ അവതരിപ്പിക്കുന്ന ചിത്രങ്ങൾ പ്രദർശിപ്പിക്കാം. ചിത്രങ്ങൾ നേരിട്ടു കാണിക്കുന്നതിനു പുറമേ അവ സ്ലൈഡിലാക്കി പ്രൊജക്ട് ചെയ്യാം. കാഥികൻ (കാഥിക) എഴുന്നേററുനിന്ന് അഭിനയിക്കുകകൂടി ചെയ്യാം; പ്രത്യേക ഘട്ടങ്ങളിൽ ഒട്ടൊക്കെ സംഗീതവുമാവാം. ഒന്നു മാത്രം; രസഭംഗം വരാതെ, അനാവശ്യവിസ്താരം കൂടാതെ, മർമങ്ങളിൽ ഊന്നി വേണം കഥ പറയുവാൻ. കഥയാവണം, കാഥികൻ (കാഥിക) ആവരുത്, ശ്രോതാവിന്റെ മനസ്സിൽ.

യക്ഷിക്കഥകൾ ആർ പറഞ്ഞാലാണ് നന്നായിരിക്കുക? തലനരച്ച മുത്തശ്ശിമാർ കഥ പറയുന്ന കാലം പണ്ടായിരുന്നു. ഇന്നു കഥ പറയാൻ മുത്തശ്ശിമാർ എവിടെ? മുത്തശ്ശിമാർക്കു കഥ പറഞ്ഞുകൂടെന്നല്ല. ഉണ്ടെങ്കിൽ അവർക്കും പറയാം. പക്ഷേ, യൂറോപ്പിൽ ഇന്നു കഥ പറയുന്നവരിൽ കൂടുതലും യുവതികളാണ്—അമ്മമാർ, ചേച്ചിമാർ. പക്ഷേ, അധികവും സാമൂഹ്യപ്രവർത്തകരായ സ്ത്രീകൾ; പുരുഷന്മാരും.

സാമൂഹ്യപ്രവർത്തകരോ? അതേ. യക്ഷിക്കഥകൾ കുട്ടികളുടെ കിടപ്പുമുറികളിൽനിന്ന് സാമൂഹ്യസ്ഥാപനങ്ങളിലേക്കു മിക്കവാറും പാർപ്പ് മാററിയിരിക്കുന്നു. ഇപ്പോൾ കഥ കേൾക്കുന്നത് കുട്ടികൾ മാത്രമല്ല. സമ്മേളനത്തിൽ പങ്കെടുത്ത ഒരു കാഥിക പറഞ്ഞത്, തന്റെ ശ്രോതാക്കളിൽ എൺപതു ശതമാനവും മുതിർന്നവരാണെന്നാണ്. അവർ കേൾക്കുന്ന കഥകളോ? ഗ്രിം സഹോദരന്മാരോ ഹാൻസ് ആൻഡേഴ്സനോ മററു പ്രശസ്തരായ യക്ഷിക്കഥാലേഖകരോ രേഖപ്പെടുത്തിയ കഥകൾ മാത്രമല്ല അവ. കൂടുതൽ രസകരങ്ങളായ എത്രയോ കഥകളുണ്ട്; ഉണ്ടായിക്കൊണ്ടുമിരിക്കുന്നു.

ഉറങ്ങുകയില്ലെന്നു വാശിപിടിക്കുന്ന വികൃതിക്കുട്ടികളെ അവർ അറിയാതെ ഉറക്കത്തിന്റെ മായാലോകത്തിലേക്കു നയിക്കുക എന്നതിൽനിന്ന് യക്ഷിക്കഥകളുടെ ലക്ഷ്യം വളരെയധികം പുരോഗമിച്ചിരിക്കുന്നു. കേൾക്കുന്നവരുടെ മനസ്സിലെ പിരിമുറുക്കങ്ങൾക്ക് അയവു വരുത്തുക; പൂർണമായ മാനസികവിശ്രാന്തി അവർക്കു നൽകുക—നിത്യജീവിതത്തിലെ നിരന്തരസംഘർഷങ്ങളാൽ വിരൂപപ്പെട്ട അവരുടെ ചേതനകളുടെ മൗലികസംരചന പുനഃസ്ഥാപിക്കുക—ഇതൊക്കെയാണ് ഇപ്പോൾ യക്ഷിക്കഥ കേൾപ്പിക്കുന്നതിന്റെ ഉദ്ദേശ്യമായി കരുതപ്പെട്ടുവരുന്നത്.

യക്ഷിക്കഥകൾ കുട്ടികൾക്ക മാത്രമായുള്ളതാണെന്നതു വലിയൊരു തെററിദ്ധാരണയാണെന്നത്രേ യൂറോപ്യൻ യക്ഷിക്കഥാ സംഘടനയുടെ വൈസ് പ്രസിഡണ്ട് ആയ മ്യൂണിക്കിലെ യുർഗൻ യാനിങ് പറയുന്നതു്. പ്രായംചെന്നവരും ഈ പഴയ കഥകൾ പരസ്പരം പറഞ്ഞു രസിക്കുന്നു. പട്ടാളക്കാർ, മുക്കുവന്മാർ, മരംവെട്ടുകാർ മുതലായവർ, വീടുകൾക്കു പുറമേ തുറന്ന ഇടങ്ങളിൽ അന്തിയുറങ്ങാൻ നിർബന്ധിതരാകുന്നവർ, രാത്രികാലങ്ങളിൽ തമ്മിൽത്തമ്മിൽ പറയാറുള്ള ഈ കഥകൾ വെറും നേരംപോക്കിനു മാത്രമുള്ളവയല്ല. അജ്ഞാതമായ നാളെയെക്കുറിച്ചുള്ള അസഹ്യമായ ആശങ്കയ്ക്ക് ഇവ പരിഹാരമുണ്ടാക്കുന്നു എന്ന കാര്യത്തിൽ സംഘടനയുടെ പ്രസിഡണ്ട് സിഗ്മണ്ടിന് യാതൊരു സംശയവുമില്ല.

യക്ഷിക്കഥകളുടെ ഈ പ്രയോജനത്തിലേക്ക് യൂറോപ്പിന്റെ ശ്രദ്ധ ആകർഷിച്ചവരിൽ പ്രമുഖൻ മനശ്ശാസ്ത്രജ്ഞനായ സി. ജി. യുങ് ആണ്. ഓരോ വ്യക്തിയുടെ മനസ്സിലും ഒരു അബോധമണ്ഡലമുള്ളതുപോലെ, സമൂഹത്തിനു മൊത്തത്തിൽ ഒരു അബോധമണ്ഡലം—കളക്റ്റീവ് അൺകോൺഷ്യൻസ്—ഉണ്ടെന്നാണല്ലോ യുങ്ങിന്റെ സിദ്ധാന്തം. യക്ഷിക്കഥകൾ രേഖപ്പെടുത്തിയതു് വ്യക്തികളാവാം. എന്നാൽ, അവ വെറും വ്യക്തികളുടെ സൃഷ്ടികൾ അല്ലെന്ന് യുങ് പറയുന്നു. മനുഷ്യചേതനയുടെ മൗലികസംരചനയുമായി പൊരുത്തപ്പെട്ടിരിക്കുന്ന ഈ കഥകൾ യഥാർത്ഥത്തിൽ സമൂഹാവബോധമണ്ഡലത്തിന്റെ സൃഷ്ടികളാകുന്നു. അതിപ്രാചീനമായ കവിതയാണ് യക്ഷിക്കഥ; അതിനാൽത്തന്നെ അതു സാർവകാലികവും സാർവജനീനവുമാണ്. ആർക്കും യക്ഷിക്കഥകൾ മനസ്സിലാവും; അവയുടെ വാച്യാർത്ഥം മാത്രമല്ല, വാച്യതലത്തിലും വ്യംഗ്യതലത്തിലും മൂല്യതലത്തിലും സംസ്കാരതലത്തിലും, അങ്ങനെ എല്ലാ തലങ്ങളിലുമുള്ള എല്ലാ അർത്ഥങ്ങളും. ഗ്രീക്കുകാർ, ഭാരതീയർ, ചീനർ, ഈജിപ്തുകാർ മുതലായ പ്രാചീന ജനതകളുടെ ഇതിഹാസകഥാഖ്യാനങ്ങളിൽ ഈ യക്ഷിക്കഥകളുടെ അടിസ്ഥാനപ്രരൂപങ്ങൾ നമുക്ക തിരിച്ചറിയാൻ കഴിയും. ഈ സംസ്കാരങ്ങളോളം അല്ല, മനുഷ്യവർഗത്തോളംതന്നെ പഴക്കം യക്ഷിക്കഥകൾക്കുമുണ്ട്. അതുകൊണ്ടാണ് അവ ആധുനിക മനുഷ്യന്റെ ദുരന്താശങ്കകൾക്ക് ഉപശാന്തി നൽകുന്നതു്. ചെറുപ്പത്തിൽ പറഞ്ഞും കേട്ടും സ്വന്തം ചേതനയുടെ ഭാഗമായിത്തീർന്നിട്ടുള്ള ഈ അമൂല്യ സമ്പത്തുകൾ കൈവിടാൻ സാമാന്യബുദ്ധിയുള്ള ആരും തയ്യാറാവുകയില്ല.

നമ്മളോ? ലോകപ്രശസ്തങ്ങളായ യക്ഷിക്കഥകളിൽ മിക്കവയുടെയും ജന്മഭൂമി ഇന്ത്യയാണ്. രാമായണവും മഹാഭാരതവുംപോലെയുള്ള ഇതിഹാസങ്ങളും, ഭാഗവതംപോലെയുള്ള പുരാണങ്ങളും മറേറതൊരു രാജ്യത്തുണ്ട്? പഠിക്കാൻ കൂട്ടാക്കാത്ത രാജകുമാരന്മാരെ രാഷ്ട്രതന്ത്രം പഠിപ്പിക്കാൻ വിഷ്ണുശർമ്മ പറഞ്ഞ പഞ്ചതന്ത്രകഥകളല്ലേ ലോകകഥാസാഹിത്യത്തിലെ അതിപ്രാചീന സമ്പത്തു്? അത്ഭുതാർത്ഥമായ ബൃഹദ്കഥ, അനന്ത പ്രാദേശികഭേദങ്ങളുള്ള വിക്രമാദിത്യ കഥകൾ, എണ്ണമററ മററു നാടോടിക്കഥകൾ—ഇന്ത്യയുടെ യക്ഷിക്കഥാ സമ്പത്തിന് അതിരും എതിരുമില്ല.

ഈ അമൂല്യഭണ്ഡാരത്തെ കണ്ടെടുത്തു്, പൊടി തുടച്ച്, ഭാവിതലമുറകൾക്കുവേണ്ടി സംരക്ഷിക്കാൻ എന്തു പ്രയത്നമാണ് ഇന്ത്യയിൽ നടക്കുന്നതു്?

9 നവംബർ, 1981